# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ഇടവെട്ടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**
**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-330/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 05/04/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടവെട്ടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-330/2023 തീയ്യതി: 05/04/2023

## ഇടുക്കി ജില്ലയിലെ ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-12-2021 മുതൽ 19-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 20-02-2023 | 27-02-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-02-2023 | 27-02-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സണ്ണി എം.യു.,ഓഡിറ്റ് ഓഫിസർ
ശ്രീമതി. ഷംലത്ത്. എം.എസ്., അസി.ഓഡിറ്റ് ഓഫിസർ
ശ്രീമതി. അനിറ്റാ പി. സാമുവൽ, അസി.ഓഡിറ്റ് ഓഫിസർ
ശ്രീമതി. മായ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷീജ നൗഷാദ് | പ്രസിഡന്റ് | 01-04-2021 | 31-03-2023 |
| ശ്രീ. പി.എം. അബ്ദുൾ സമദ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അമ്മു ചന്ദ്രൻ | അസി.എഞ്ചിനിയർ | 01-04-2021 | 23-10-2021 |
| ശ്രീ. പോളി ഇടയനാൽ | അസി.എഞ്ചിനിയർ | 24-10-2021 | 27-11-2021 |
| ശ്രീമതി. മേരി ക്രിസ്റ്റി | അസി.എഞ്ചിനിയർ | 28-11-2021 | 20-12-2021 |

| | | | |
|---|---|---|---|
| ശ്രീ. വേണുഗോപാൽ കെ.ജി. | അസി.എഞ്ചിനിയർ | 21-12-2021 | 31-03-2022 |
| ഡോ. അരുൺലാൽ വി.റ്റി. | മെഡിക്കൽ ഓഫിസർ, പി.എച്ച്.സി | 01-04-2021 | 30-06-2021 |
| ഡോ. മരീന ജോർജ്ജ് | മെഡിക്കൽ ഓഫിസർ, പി.എച്ച്.സി | 01-07-2021 | 31-03-2022 |
| ഡോ. വികാസ് വിജയൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. മറിയാമ്മ തോമസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. ബേബി ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2021 | 31-05-2021 |
| ശ്രീ. മാർട്ടിൻ തോമസ് | കൃഷി ഓഫീസർ | 01-06-2021 | 20-09-2021 |
| ശ്രീമതി. ബിൻസി വർക്കി | കൃഷി ഓഫീസർ | 21-09-2021 | 31-03-2022 |
| ശ്രീ. റിനു തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 01-04-2021 | 31-03-2022 |
| ശ്രീ. സനിത് കുമാർ എൻ.ടി. | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫിസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഗീതമ്മ പി.ജി. | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ജുലി എം. ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 05-07-2021 |
| ശ്രീമതി. എഡ്ന ജോസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 06-07-2021 | 10-08-2021 |
| ശ്രീമതി. ഷിഫ പി. സെയ്ത് | ഐ.ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11-08-2021 | 10-11-2021 |
| ശ്രീമതി. ആശ പി.വി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11-11-2021 | 23-12-2021 |
| ശ്രീമതി. സിനു ജോൺ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 24-12-2021 | 31-03-2022 |
| ശ്രീമതി. രശ്മി ഇ.എസ്. | വി ഇ.ഒ -1 | 01-04-2021 | 06-10-2021 |
| ശ്രീ. ശരത് സി.എം. | വി ഇ.ഒ -1 | 07-10-2021 | 31-03-2022 |
| ശ്രീമതി. ദീപ ഇ.പി. | വി.ഇ.ഒ-2 | 01-04-2021 | 06-10-2021 |
| ശ്രീമതി. സിജി ശങ്കർ | വി.ഇ.ഒ-2 | 07-10-2021 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വികസന ഫണ്ട് ജനറൽ ചെലവ് 72.78 ശതമാനം | 1-3-1 |
| 4 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 66.08 ശതമാനം | 1-3-2 |
| 5 | റോഡ് മെയിന്റനൻസ് ഫണ്ട് ചെലവ് 44.23 ശതമാനം മാത്രം | 1-3-3 |
| 6 | ഗ്രാന്റ് വിനിയോഗം | 1-3 |
| 7 | പട്ടികവർഗ്ഗ വികസനഫണ്ട് ചെലവ് 42.77 ശതമാനം മാത്രം | 1-3-4 |
| 8 | പദ്ധതി അവലോകനം | 1-4 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 10 | ക്ഷേമ പെൻഷൻ | 1-6 |
| 11 | കാഷ് പരിശോധന | 1-7 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 13 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 14 | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 1-10 |
| 15 | ഒടുക്കാതിരുന്ന തൊഴിൽ നികുതി ഓഡിറ്റ് നിർദ്ദേശ പ്രകാരം ഈടാക്കി | 1-11 |
| 16 | കെട്ടിട നിർമ്മാണ പെർമ്മിറ്റ് - ഫയൽ സൂക്ഷിപ്പിലും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിലും വീഴ്ച | 1-12 |
| 17 | ഷോപ്പിംഗ് കോംപ്ലക്സ് മുറി വാടകയ്ക്ക് നൽകാത്തതിനാൽ വരുമാന നഷ്ടം | 1-13 |
| 18 | ലേല നടപടികൾ പൂർത്തീകരിച്ചിട്ടില്ല | 1-14 |
| 19 | പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ വലിയ തുക ഒടുക്കുവാൻ ശേഷിക്കുന്നു | 1-15 |
| 20 | വെള്ളക്കരമിനത്തിൽ വൻകുടിശ്ശിക | 1-16 |
| 21 | വീട് മെയിന്റനൻസ് പ്രോജക്ട് ഗുണഭോക്താക്കൾക്കുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് സ്വകാര്യ എഞ്ചിനീയർക്ക് പ്രതിഫലം നൽകി | 1-17 |
| 22 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാധ്യതയില്ലാത്ത തുക തിരികെ ഒടുക്കിയിട്ടില്ല | 1-18 |
| 23 | ഘടക സ്ഥാപനങ്ങളിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ-കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല | 1-19 |
| 24 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-20 |
| 25 | അന്യാധീനപ്പെട്ട ഗ്രാമപഞ്ചായത്തു വക സ്ഥലം വീണ്ടെടുക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടില്ല | 1-21 |
| 26 | പഞ്ചായത്ത് കമ്മിറ്റി ഹാൾ നവീകരണം -അപാകതകൾ | 1-22 |
| 27 | സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം-അനർഹർക്ക് ആനുകൂല്യം നൽകി | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപ്പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

18-02-2021 ലെ (1)-ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാൻ്റിംഗ് കമ്മറ്റി അംഗീകരിച്ച 2021-22-ലെ ബജറ്റ് 19-02-2021 ലെ 4(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ജനറൽ കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. 23-02-22-ലെ 1-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാൻ്റിംഗ് കമ്മറ്റി അംഗീകരിച്ച 2021-22-ലെ പുതുക്കിയ ബജറ്റ് 04-03-22-ലെ 2- ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ജനറൽ കമ്മറ്റി അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം ₹5492855/- മുന്നിരിപ്പും ₹124351301/- വരവും ₹126753817/- ചെലവും ₹3090339/- നീക്കിയിരിപ്പുമുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 2022 ജൂലൈ 31 | 31-5-2022 (എയിംസിൽ സമർപ്പിച്ചത്) | - | |

## 1-3-1 വികസന ഫണ്ട് ജനറൽ ചെലവ് 72.78 ശതമാനം

വികസന ഫണ്ട് ജനറൽ വിഹിതമായ ₹8472000/- ൽ 2021-22 സാമ്പത്തിക വർഷം ₹6166584/- ചെലവഴിച്ചിട്ടുണ്ട്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളു. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹611016/- ലാപ്സായി.

| അലോട്ട്മെൻ്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക |
|---|---|---|---|---|---|
| 8472000 | 6166584 | 2305416 | 72.78 | 1694400 | 611016 |

## 1-3-2 റോഡിതര മെയിൻ്റനൻസ് ഫണ്ട് ചെലവ് 66.08 ശതമാനം

റോഡിതര മെയിൻ്റനൻസ് ഫണ്ട് വിഹിതമായ ₹4870979/-ൽ 2021-22 സാമ്പത്തിക വർഷം ₹3219007/- ചെലവഴിച്ചിട്ടുണ്ട്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുകയുള്ളു. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹677776/- ലാപ്സായി.

| അലോട്ട്മെൻ്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 4870979 | 3219007 | 1651972 | 66.08 | 974196 | 677776 |

## 1-3-3 റോഡ് മെയിൻ്റനൻസ് ഫണ്ട് ചെലവ് 44.23 ശതമാനം മാത്രം

റോഡ് മെയിൻ്റനൻസ് ഫണ്ട് വിഹിതമായ ₹4472000/-ൽ 2021-22 സാമ്പത്തിക വർഷം ₹1978009/- ചെലവഴിച്ചിട്ടുണ്ട്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്തപക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുകയുള്ളു. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹/1599591- ലാപ്സായി.

| അലോട്ട്മെൻ്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 4472000 | 1978009 | 2493991 | 44.23 | 894400 | 1599591 |

## 1-3 ഗ്രാൻ്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെൻ്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| **വികസനഫണ്ട്** പൊതുവിഭാഗം | | 8472000 | 8472000 | 6166584 | |

| | | | | | |
|---|---|---|---|---|---|
| എസ്.സി.പി | | 2764000 | 2764000 | 2601900 | |
| ററി.എസ്.പി | | 222100 | 222100 | 95000 | |
| **ധനകാര്യകമ്മീഷൻ ഗ്രാന്റ്** | 468973 | 6363606 | 6832579 | 4965990 | 1866589 |
| **സംരക്ഷണ ഗ്രാന്റ്** റോഡ് | | 4472000 | 4472000 | 1978009 | |
| **സംരക്ഷണ ഗ്രാന്റ് നോൺ-**റോഡ് | | 4870979 | 4870979 | 3219007 | |
| തൊഴിലുറപ്പ് പദ്ധതി-ഭരണച്ചെലവ് | 0 | 975660 | 975660 | 918995 | 56665 |
| തൊഴിൽക്കൂലി | | 22566878 | 22566878 | 22566878 | |
| ടോട്ടൽ സാനിറ്റേഷൻ | 1047321 | 15000 | 1062321 | 210085 | 852236 |
| ഐ.സി.ഡി.എസ് | 223347 | 449956 | 673303 | 314503 | 358800 |
| ശുചിത്വമിഷൻ | 936250 | 130000 | 1066250 | 1046646 | 19604 |
| ദേശീയ ആരോഗ്യമിഷൻ | 200000 | 0 | 200000 | 0 | 200000 |
| പി.ബി.ഐ.ജി ഗ്രാന്റ് | 269321 | 0 | 269321 | 269321 | 0 |
| സാക്ഷരത | 2172 | 76 | 2248 | 0 | 2248 |
| നിർമ്മൽ പുരസ്ക്കാരം | 157510 | 18345 | 175855 | 0 | 175855 |
| ബയോഡൈവേഴ്സിറ്റി | 0 | 500000 | 500000 | 0 | 500000 |
| ശുചിത്വമിഷൻ ഗ്രാന്റ് | 25000 | 0 | 25000 | 0 | 25000 |
| എം.വി.ഐ.പി | 4644041 | 80000 | 4724041 | 4075174 | 648867 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 50000 | 700000 | 750000 | 0 | 750000 |
| എം.എൻ ലക്ഷം വീട് | 425801 | 0 | 425801 | 0 | 425801 |
| പകർച്ചവ്യാധി നിയന്ത്രണം | 10000 | ം | 10000 | 0 | 10000 |
| അവാർഡ് | 0 | 300000 | 300000 | 261998 | 38002 |
| ടോട്ടൽ സാനിറ്റേഷൻ | 30085 | 0 | 30085 | 0 | 30085 |

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിലെടുത്തിട്ടില്ല.

| ഫണ്ട് | ലൈഫ് ലോൺ ₹ | അംഗൻവാടി ഹോണറേറിയം ₹ |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 1646455 | 657000 |
| വികസനഫണ്ട് (SCP) | 157545 | |

## 1-3-4 പട്ടികവർഗ്ഗ വികസനഫണ്ട് ചെലവ് 42.77 ശതമാനം മാത്രം

2021-22 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന ഫണ്ടിന്റെ 42.77ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളു. കൂടാതെ, എസ്.സി.പി/ടി.എസ്.പി ഫണ്ടുകളിൽ ചെലവഴിക്കാത്ത തുകയിൽ ക്യാരി ഓവർ ചെയ്യുന്ന 20 ശതമാനം കിഴിച്ചുള്ള തുക (ഷോർട്ട് ഫാൾ) അടുത്ത വർഷത്തെ വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹82680/- 2022-23 സാമ്പത്തിക വർഷത്തെ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് നടത്തുന്നതിനാൽ ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്ന വികസനഫണ്ടിൽ 2022-23 വർഷം മുതൽ കുറവ് വരുന്നതിന് ഇടയാക്കും.

| അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | 2022-23 വർഷത്തെ വികസന ഫണ്ടിൽ നിന്നും ക്രമീകരിക്കുന്ന തുക |
|---|---|---|---|---|---|
| 222100 | 95000 | 127100 | 42.77 | 44420 | 82680 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| **അംഗീകാരം ലഭിച്ചത് (എണ്ണം)** | **പദ്ധതി അടങ്കൽ ₹** | **നടപ്പാക്കിയത് (എണ്ണം)** | **പദ്ധതി ചെലവ് ₹** | **ഭാഗികമായി നടപ്പാക്കിയത് (എണ്ണം)** | **നടപ്പാക്കാത്തവ (എണ്ണം)** | **പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം** |
|---|---|---|---|---|---|---|
| 117 | 54424140 | 93 | 25577876 | 0 | 24 | 79.48 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | നടപ്പിലാക്കാത്ത പദ്ധതികൾ | ശതമാനം |
|---|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 31 | 19 | 11907846 | 5205886 | 12 | 43.72 |
| 2. | അസി. എൻജിനീയർ | 43 | 36 | 9904970 | 5585994 | 6 | 56.39 |
| 3. | വെറ്ററിനറി സർജൻ | 6 | 6 | 2758000 | 2357462 | 0 | 85.48 |
| 4. | കൃഷി ഓഫീസർ | 6 | 5 | 1092435 | 497672 | 1 | 45.55 |
| 5. | എം. ഒ. സി. എച്ച്. സി. | 5 | 5 | 1365210 | 1258312 | 0 | 92.17 |
| 6. | ഐ.സി.ഡി.എസ് | 6 | 5 | 3746088 | 2510322 | 1 | 67.01 |
| 7. | വി.ഇ.ഒ | 15 | 14 | 22630591 | 7611613 | 1 | 33.63 |
| 8. | എം. ഒ. ഹോമിയോ | 1 | 1 | 200000 | 200000 | 0 | 100 |
| 9. | ഹെഡ്മാസ്റ്റർ, എൽ. പി. സ്ക്കൂൾ | 2 | 1 | 150000 | 51000 | 1 | 34 |
| 10. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 300000 | 299615 | 0 | 99.87 |
| 11. | ഫിഷറീസ് ഇൻസ്പെക്ടർ | 1 | 0 | 369000 | 0 | 1 | 0 |
| | **ആകെ** | **117** | **93** | **54424140** | **25577876** | 23 | 46.99 |

ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം.

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 8472000 | 6166584 | 72.78 |
| | പട്ടിക ജാതി വിഭാഗം | 2764000 | 2601900 | 94.13 |
| | പട്ടിക വർഗ്ഗ വിഭാഗം | 184000 | 95000 | 51.63 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 7152206 | 4965990 | 69.43 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 2859195 | 1333322 | 46.63 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | 4449200 | 855572 | 19.22 |
| തനത് ഫണ്ട് | | 4763516 | 1103471 | 23.16 |
| ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | | 1282522 | 121350 | 9.46 |
| ജില്ലാ പഞ്ചായത്ത് ഫണ്ട് | | 1432522 | 399175 | 27 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 2338000 | 1978009 | 84.60 |
| | റോഡിതരം | 4853319 | 3219007 | 66.32 |
| **മറ്റിനം** | | **11873660** | **2738496** | 23.06 |

ജില്ലാ ആസൂത്രണ സമിതിയുടെ 22.02.21 തീയതിയിലെ 111/21/DPC/DPO/IDK ഉത്തരവ് പ്രകാരം വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 117 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 93 പ്രോജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന **₹54424140**/-ന്റെ 46.99% (₹**25577876**/-) മാത്രമാണ് തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞത്. വി.ഇ.ഒ., അസി. എഞ്ചിനീയർ, കൃഷി ഓഫീസർ എന്നിവരുടെ ഫണ്ട് വിനിയോഗം വളരെ കുറവാണ്. യഥാസമയം പ്രോജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ രൂപീകരണം നിർവ്വഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി

കാണുന്നില്ല. പഞ്ചായത്ത് ഭരണ സമിതി യോഗങ്ങളിലും പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച നിരന്തര വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്തം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ട് ശുഷ്ക്കമാണെങ്കിലും തനതു ഫണ്ടിൽ നിന്നും ₹4763516/-വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ തനതു ഫണ്ടിന്റെ അപര്യാപ്തതമൂലം പല പദ്ധതികളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 0 | 975660 | 975660 | 918995 | 56665 |
| തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ | 0 | 23542538 | 23542538 | 23542538 | 0 |

## 1-6 ക്ഷേമ പെൻഷൻ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാപെൻഷൻ | | |
| വാർദ്ധക്യകാലപെൻഷൻ | 19343500 | 1281 |
| വികലാംഗപെൻഷൻ | 2485300 | 161 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 362600 | 56 |
| കർഷകത്തൊഴിലാളി പെൻഷൻ | 4151000 | 249 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 90000 | 3 |

## 1-7 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.02.23 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43378/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തി വരുന്നില്ല. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. 2021-22 സാമ്പത്തിക വർഷം വാങ്ങിയ ഫർണീച്ചറുകളും ഉപകരണങ്ങളും സ്റ്റോക്ക് എൻട്രി വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപണികൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി പ്രത്യക രജിസ്റ്റർ പരിപാലിക്കുന്നില്ല. പൊതു ടാപ്പുകളുടെ വെള്ളക്കരം

യഥാസമയം ഒടുക്കാതിരുന്നതുമൂലവും ഗ്രാന്റിൽ നിന്നും കുറവ് ചെയ്യിട്ടുള്ള വെള്ളക്കരം കേരള വാട്ടർ അതോറിറ്റിയുടെ കുടിശിക ഡിമാന്റിൽ നിന്നും കുറവ് ചെയ്യാതിരുന്നതുമൂലവും വെള്ളക്കരം കുടിശികയിനത്തിൽ ഭീമമായ തുക ഒടുക്കുവാൻ അവശേഷിക്കുന്നുണ്ട്.

കാർഷിക മേഖലയിൽ മികച്ച പ്രകടനം കാഴ്ചവച്ചതിന്റെ അടിസ്ഥാനത്തിൽ 2021-22 വർഷം സംസ്ഥാനത്തെ ഏറ്റവും മികച്ച കർഷക പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ ലഭിക്കുന്ന വിവിധ പരാതികളിൽ കാര്യക്ഷമതയോടും സമയബന്ധിതമായും തീർപ്പ് കൽപിക്കുന്നതിന് സമവായം എന്ന പേരിൽ ഒരു പരാതി പരിഹാരവേദി രൂപീകരിച്ചിട്ടുള്ളത് പ്രശംസാർഹമാണ്. മാലിന്യ സംസ്കരണം സംബന്ധിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും ശ്രദ്ധേയമാണ്.

## **1-9 വാർഷിക കണക്കിലെ അപാകതകൾ**

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കോവിഡുമായി ബന്ധപ്പെട്ട അക്കൗണ്ടിലെ വിശദാംശങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2) NREGA B-4, B-17 ലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3) B-18 HEAD 460500501 ലെ അഡ്വാൻസ് തുക 16954/തൻവർഷത്തെ മുന്നിരിപ്പാണ്. നാളിതുവരെ ക്രമീകരിച്ചിട്ടില്ല.
4) B-18 HEAD 460509901 ലെ തുക 340700/- ഏതിനം എന്ന് വ്യക്തമല്ല. 2013 വർഷം മുന്നിരിപ്പായി ചേർത്തിരിക്കുന്നു.
5) ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
6) അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ യഥാവിധി എഴുതി സൂക്ഷിക്കുന്നില്ല.
7) തൊഴിൽ നികുതിയിനത്തിൽ തൻവർഷത്തെ ഡിമാന്റ് കളക്ഷൻ തുകകൾ യഥാക്രമം ₹128870/-, 127620/- ആണ്. ബാലൻസ് തുക ബി-15 ൽ ഉൾപ്പെടുത്തിയിട്ടില്ല.
8) തൊഴിൽ നികുതിയിനത്തിൽ മുൻവർഷം പിരിച്ചെടുക്കാൻ ഒന്നും അവശേഷിക്കുന്നില്ല. എന്നാൽ തൻവർഷം RP-43 യിൽ കുടിശ്ശിക പിരിവ് ₹1250/- ചേർത്തിട്ടുണ്ട്.

## **1-10 വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്**

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി വരവുകൾ സഞ്ചയ സോഫ്റ്റ് വെയർ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിൽ ചില വാണിജ്യ കെട്ടിടങ്ങൾ ഗണം തെറ്റായി രേഖപ്പെടുത്തി നികുതിയിളവ് നേടിയിട്ടുള്ളതായി കാണപ്പെട്ടു. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.6/തീ.23-02-2023) നൽകിയിരുന്നു. കെട്ടിടങ്ങൾ സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമ , കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | ഈടാക്കിയ നികുതി നിരക്ക്₹ | ഈടാക്കേണ്ട നികുതി നിരക്ക്₹ | ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം, സ്വീകരിക്കേണ്ട തുടർ നടപടി |
|---|---|---|---|---|---|
| 1 | ഷാജഹാൻ കെ.എ., കല്ലുംപുറത്ത്, ഇടവെട്ടി<br>റിസാഫ് ലൈറ്റിംഗ് സൊല്യൂഷൻ, ഓഫീസ് പ്രവർത്തനം<br>XI/83C | 7.2 | വ്യവസായാവശ്യത്തിനുള്ള കൈത്തറി കയർപിരി ഷെഡ്<br>18/- | ഓഫീസ് ആവശ്യം<br>45/- | കെട്ടിടം ശരിയായ ഗണത്തിൽ ഉൾപ്പെടുത്തി നികുതി പരിഷ്കരിച്ച് കുറവ് വന്ന നികുതി കെട്ടിട ഉടമയിൽ നിന്നും ഈടാക്കി വിവരമറിയിക്കേണ്ടതാണ്. |
| 2 | സെക്രട്ടറി, തെക്കുംഭാഗം സർവ്വീസ് സഹകരണ ബാങ്ക്<br>വളം സ്റ്റോക്ക് ചെയ്ത് വിൽപന<br>IX/174 | 135 | വ്യവസായാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ<br>50 | വ്യവസായാവശ്യത്തിനുള്ള 100 ച.മീ.നു മുകളിൽ വിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൗണുകൾ<br>65 | 2013 ന് മുമ്പ് അസെസ് ചെയ്തതായതിനാൽ 100% വർദ്ധനയുടെ തുക ലഭ്യമാകുന്നുണ്ട്. എങ്കിലും ശരിയായ ഗണത്തിൽ ഉൾപ്പെടുത്താത്തതിനാൽ സംഭവിച്ച നഷ്ടം പരിഹരിക്കാൻ നടപടി സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്. |
| 3 | സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക്<br>I/311 | 36 | വ്യവസായാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ<br>50 | വ്യവസായാവശ്യത്തിനുള്ള 100 ച.മീ.നു താഴെ വിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൗണുകൾ<br>58 | കെട്ടിടം ശരിയായ ഗണത്തിൽ ഉൾപ്പെടുത്തി നികുതി പരിഷ്കരിച്ച് കുറവ് വന്ന നികുതി കെട്ടിട ഉടമയിൽ നിന്നും ഈടാക്കി വിവരമറിയിക്കേണ്ടതാണ്. |

| | | | | | |
|---|---|---|---|---|---|
| 4 | വികാർ, സെൻ്റ് തോമസ് ചർച്ച് VI/15 | 101 | നികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ | വ്യവസായാവശ്യത്തിനുള്ള 100 ച.മീ.നു മുകളിൽ വിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൗണുകൾ 65 | 2013 ന് മുമ്പ് അസെസ് ചെയ്തതായതിനാൽ 100% വർദ്ധനയുടെ തുക ലഭ്യമാകുന്നുണ്ട്. എങ്കിലും ശരിയായ ഗണത്തിൽ ഉൾപ്പെടുത്താത്തതിനാൽ സംഭവിച്ച നഷ്ടം പരിഹരിക്കാൻ നടപടി സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ് |
| 5 | സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക് I/315 | 82 | വ്യവസായാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ 50 | വ്യവസായാവശ്യത്തിനുള്ള 100 ച.മീ.നു താഴെ വിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൗണുകൾ 58 | |
| 6 | സെക്രട്ടറി,സർവ്വീസ് സഹകരണ ബാങ്ക് IX/174 | 135 | വ്യവസായാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ 50 | വ്യവസായാവശ്യത്തിനുള്ള 100 ച.മീ.നു മുകളിൽ വിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൗണുകൾ 65 | |
| 7 | സെക്രട്ടറി,സർവ്വീസ് സഹകരണ ബാങ്ക് IX/175 | 135 | വ്യവസായാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ 50 | വ്യവസായാവശ്യത്തിനുള്ള 100 ച.മീ.നു മുകളിൽ വിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൗണുകൾ 65 | |
| 8 | സെക്രട്ടറി,സർവ്വീസ് സഹകരണ ബാങ്ക് X/27 | 602 | വ്യവസായാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ 50 | വ്യവസായാവശ്യത്തിനുള്ള 100 ച.മീ.നു മുകളിൽ വിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൗണുകൾ 65 | |
| 9 | ഹാൾ VIII/218 | 48 | ആരാധനാലയങ്ങൾ | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻ്റർ, ഓഡിറ്റോറിയം 38 | |
| 10 | റവ.ഫാദർ, സെൻ്റ് ജോർജ്ജ് ചർച്ച് VII/281 | 152 | വ്യവസായാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ 50 | വ്യവസായാവശ്യത്തിനുള്ള 100 ച.മീ.നു മുകളിൽ വിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൗണുകൾ 65 | |

## 1-11 ഒടുക്കാതിരുന്ന തൊഴിൽ നികുതി ഓഡിറ്റ് നിർദ്ദേശ പ്രകാരം ഈടാക്കി

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കല്ലാനിക്കൽ സെൻ്റ് ജോർജ്ജ് ഹയർ സെക്കൻ്ററി സ്കൂളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ 2021-22 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കാത്തത് ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് ആറ് അദ്ധ്യാപകരുടെ കുടിശ്ശിക തുകയായ ₹5880/-, രസീത് നം.1220103978/24-02-2023 പ്രകാരം അടവാക്കി. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 സി പ്രകാരം ഓരോ വർഷവും തൊഴിൽ നികുതി ഈടാക്കാനുള്ള ജീവനക്കാരുടെ ലിസ്റ്റ് തൊഴിലുടമയോട് ആവശ്യപ്പെടേണ്ടതും നികുതി ഒടുക്കാൻ ബാധ്യതപ്പെട്ട എല്ലാ വ്യക്തികളുടെയും നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-12 കെട്ടിട നിർമ്മാണ പെർമ്മിറ്റ് - ഫയൽ സൂക്ഷിപ്പിലും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിലും വീഴ്ച

2021-22 വർഷത്തെ ഏതാനും കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫയലുകൾ, ഡിമാൻ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് അനുവദിച്ച കെട്ടിടത്തിൻ്റെ ഗണം, ഉപയോഗ ക്രമം, വിസ്തീർണ്ണം എന്നിവയ്ക്ക് ബാധകമായ ഫീസ് ഈടാക്കിയിട്ടില്ലെന്ന് കാണാൻ സാധിച്ചു. വിശദ വിവരം ചുവടെ-

| ക്രമ നം. | അപേക്ഷകൻ്റെ പേര്, പെർമ്മിറ്റ് തരം | ഈടാക്കിയ ഫീസ് ₹ | ഈടാക്കേണ്ട ഫീസ് (വിസ്തീർണ്ണം Xഫീസ്) ₹ആപ്ലിക്കേഷൻ ഫീ ഉൾപ്പടെ | കുറവ്₹ |
|---|---|---|---|---|
| 1 | പരീക്കുട്ടി & സുലേഖ കൊച്ചുപറമ്പിൽ- റസിഡൻഷ്യൽ | 290 | (129.52x3.50) + 30 = 484 | 194 |
| 2 | സിറാജുദ്ദീൻ & നബീല അസീസ് കൊമേർഷ്യൽ | 1322 | (188.73x10)+30=1917 | 595 |

| | | | | |
|---|---|---|---|---|
| 3 | ജോർജ്ജ് വി.ജി. കൊമേർഷ്യൽ | 1364 | (142.48x10)+30=1455 | 91 |
| 4 | മുഹമ്മദ് കുട്ടി,ഇടത്തേൽ കൊമേർഷ്യൽ | 818 | (107.93x10)+30=1109 | 291 |

ഫയലുകൾ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നതിലും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിലും ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച മൂലമാണ് ഇത്തരം അപാകതകൾ സംഭവിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. Random Sampling Method-ലൂടെ ഏതാനും ഫയലുകൾ പരിശോധിച്ചതിൽത്തന്നെയാണ് ഇത്രയധികം അപാകതകൾ കണ്ടെത്തിയത്. ആകയാൽ പെർമിറ്റ് അനുവദിച്ച ഫയലുകളുടെ സമഗ്രമായ പരിശോധന നടത്തേണ്ടതും ഫീസിനത്തിലെ നഷ്ടം പരിഹരിച്ച് വിവരമറിയിക്കേണ്ടതുമാണ്. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനും കൃത്യ നിർവ്വഹണത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വേണ്ടത്ര ശ്രദ്ധ ഉണ്ടെന്ന് ഉറപ്പാക്കുന്നതിനും ഭരണ വകുപ്പിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

**1-13 ഷോപ്പിംഗ് കോംപ്ലക്സ് മുറി വാടകയ്ക്ക് നൽകാത്തതിനാൽ വരുമാന നഷ്ടം**

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള 4-ാം വാർഡിലെ ഷോപ്പിംഗ് കോംപ്ലക്സിലെ 65C നമ്പർ മുറി 2021-22 വർഷം വാടകയ്ക്ക് നൽകാതിരുന്നതിനാൽ തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചു. ടി മുറി 2019-20, 2020-21 വർഷങ്ങളിൽ വാടകയ്ക്ക് എടുത്തിരുന്ന ശ്രീ. റോബർട്ട് പി.സി. എന്നയാൾ വാടക കുടിശ്ശിക വരുത്തിയതിനെ തുടർന്ന്, ടിയാനിൽ നിന്ന് പ്രസ്തുത തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ പഞ്ചായത്ത് ആരംഭിച്ചിരുന്നു. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ കുടിശ്ശിക സംബന്ധിച്ച പരാമർശം ഉള്ളതാണ്. ടി വ്യക്തി രണ്ട് വർഷങ്ങളിൽ കുടിശ്ശിക വരുത്തിയിട്ടും കടമുറി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചില്ല. മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 4/തീ.21-02-2023) സമർപ്പിച്ച മറുപടിയിൽ കോവിഡ് കാലമായതിനാലാണ് മുറി ലേലം നടത്താതിരുന്നതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ കോവിഡ് തീവ്രത കുറഞ്ഞിരുന്ന ടി സമയത്ത് മറ്റ് കടമുറികൾ വാടകയ്ക്ക് നൽകിയിരുന്നതായി ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽനിന്ന് വ്യക്തമാണ്. വാടക കുടിശ്ശികക്കാരനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനായി 08-02-2021 ലെ 27/2 നമ്പറായി പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിരുന്നു. കടമുറി ഒഴിയുന്നതിന് ടിയാന് നോട്ടീസ് നൽകിയത് 20-04-2021-ൽ മാത്രമാണ്. എന്നാൽ ഇതിനുള്ള തുടർനടപടിയായി കടമുറി ഒഴിപ്പിക്കുകയോ 2021-22 വർഷം ടി മുറി ലേലം നടത്തി വാടകയ്ക്ക് നൽകുകയോ ചെയ്തിട്ടില്ല. മുൻ വർഷം പ്രതിമാസം ₹1709/- പ്രകാരം പ്രതിവർഷം ₹20508/- വാടകയിനത്തിൽ ലഭ്യമാകുമായിരുന്ന ടി കടമുറിയിൽ നിന്നുള്ള ഒരു സാമ്പത്തിക വർഷത്തെ വരുമാനം- ഇത്തരത്തിൽ ഉദ്യോഗസ്ഥരുടെ കൃത്യ നിർവ്വഹണത്തിലെ അലംഭാവം മൂലം നഷ്ടപ്പെട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു. 2022-23 വർഷത്തിലാണ് പിന്നീട് കടമുറി വാടകയ്ക്ക് നൽകിയിട്ടുള്ളത്. തനത് വരുമാനം വളരെ പരിമിതമായ ഗ്രാമപഞ്ചായത്തിന് ലഭ്യമാകുമായിരുന്ന വരുമാനം പോലും നഷ്ടമാവുന്ന രീതിയിലുള്ള ഇത്തരം പ്രവൃത്തികൾ ആവർത്തിയ്ക്കാതിരിക്കുന്നതിന് ഭരണ സമിതിയുടെയും പഞ്ചായത്ത് അധികാരികളുടെയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**1-14 ലേല നടപടികൾ പൂർത്തീകരിച്ചിട്ടില്ല**

താഴെപ്പറയുന്ന ഇനങ്ങൾ ലേലം ചെയ്ത് ഗ്രാമ പഞ്ചായത്തിന്റെ വരവിലുൾപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ലേല നടപടികൾ പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഇനം | അസി.എഞ്ചിനിയറുടെ മൂല്യനിർണ്ണയ പ്രകാരമുള്ള തുക | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|
| നിലവിലുള്ള പഞ്ചായത്ത് കെട്ടിടത്തിന്റെ പുറകുവശത്തുനിന്നും പൊളിച്ചുമാറ്റിയ ജനൽ-1, വെന്റിലേറ്റർ-1 | ₹3668/- | (-) |
| 82-ാം നമ്പർ അംഗൻവാടിയിലെ ഉപയോഗശൂന്യമായ ഇരുമ്പു കസേരകൾ | മൂല്യം നിശ്ചയിച്ചിട്ടില്ല | 20.09.21 ലെ 21(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം മൂല്യ നിർണ്ണയം നടത്തുന്നതിന് അസി.എഞ്ചിനിയറെ ചുമതലപ്പെടുത്തിയിരുന്നു. |
| ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള പഴയ ഇരുമ്പു വസ്തുക്കൾ, തടി, വാർഡ് 1 ലെ കുഴൽ കിണറിന്റെ കേടായ | മൂല്യം നിശ്ചയിച്ചിട്ടില്ല | 8.02.21 ലെ 28(2) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം മൂല്യ നിർണയം നടത്തുന്നതിന് അസി.എഞ്ചിനിയറെ ചുമതലപ്പെടുത്തിയിരുന്നു. |

| | | |
|---|---|---|
| മോട്ടോർ, ഇരുമ്പു പൈപ്പുകൾ എന്നിവ | | |

ലേല നടപടികൾ പൂർത്തീകരിക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.13/25.02.23) മറുപടി നൽകിയിട്ടില്ല. മേൽ പരാമർശിച്ചിട്ടുള്ള സ്ക്രാപ്പിനങ്ങൾ ലേലം ചെയ്തു നൽകുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്.

## 1-15 പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ വലിയ തുക ഒടുക്കുവാൻ ശേഷിക്കുന്നു

ധനകാര്യപത്രികയുടെ B-9 പട്ടിക അനുസരിച്ച്, പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ₹14,91,642/- (ഹെഡ് കോഡ് നം.351101104) പഞ്ചായത്ത് ഡയറക്ടർക്ക് കൈമാറാൻ അവശേഷിക്കുന്നുണ്ട്. ഈയിനത്തിലെ വൻ കുടിശ്ശികയ്ക്ക വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/തീ.21-02-2023) സമർപ്പിച്ച മറുപടിയിൽ ടി തുകയിലുൾപ്പെട്ട ₹911696/- പെൻഷൻ കോൺട്രിബ്യൂഷൻ ആണെന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ലെന്നും ആയത് ഉറപ്പാക്കിയതിനു ശേഷം ടി തുകയും അതേ ഹെഡിൽ അവശേഷിക്കുന്ന ബാക്കി തുകയും ഒടുക്കു വരുത്തുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ടി തുകയുടെ വിശദാംശങ്ങൾ കണ്ടെത്തി തുക ഒടുക്കു വരുത്തി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 1-16 വെള്ളക്കരമിനത്തിൽ വൻകുടിശ്ശിക

ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ മുൻ വർഷങ്ങളിലെ കുടിശ്ശിക, പിഴപ്പലിശ എന്നിവ ഉൾപ്പടെ ₹89,71,135/- (മാർച്ച് 2022 ലെ ബിൽ പ്രകാരം) വാട്ടർ അതോറിറ്റിയിലേക്ക് ഒടുക്കുവാനുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ-

| ഇനം | തുക₹ |
|---|---|
| 28 .02. 2022-വരെയുള്ള കണക്കുകൾ പ്രകാരം | 87,53,474 |
| പലിശ | 171,719 |
| മാർച്ചിലെ ഡിമാന്റ് | 45,942 |
| ആകെ | 89,71,135/- |

മേൽ സൂചിപ്പിച്ച പ്രകാരം വൻ തുക കുടിശ്ശിക ഉണ്ടാകുന്നതിനുള്ള സാഹചര്യം, മുൻ വർഷങ്ങളിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് വാട്ടർ ടാപ്പിന്റെ എണ്ണം സംബന്ധമായി ജോയിന്റ് വേരിഫിക്കേഷൻ നടത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ, നിലവിൽ സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങൾ എന്നീ വിശദാംശങ്ങൽ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/ തീ.21-02-2023) മറുപടി ഹാജരാക്കി. പൊതുടാപ്പുകളുടെ എണ്ണം കൂടുതലായി രേഖപ്പെടുത്തി ബിൽ ലഭിക്കുന്നതിനാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന് ശേഷം മാത്രം വെള്ളക്കരം അടവാക്കിയാൽ മതിയെന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31-03-2017ലെ 4-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തുക അടവാക്കാത്തതെന്ന് മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 2018-19,2019-20 എന്നീ വർഷങ്ങളിൽ യഥാക്രമം ₹114,531/-, ₹128,848/- എന്നിങ്ങനെ വികസന ഫണ്ടിൽ നിന്ന് വെള്ളക്കരമിനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ടെങ്കിലും ആയത് ഡിമാന്റിൽ ക്രമീകരിച്ചിട്ടുമില്ല. മുൻകാലങ്ങളിൽ ജോയിന്റ് വേരിഫിക്കേഷനുള്ള കത്തുകൾ വാട്ടർ അതോറിറ്റിക്ക് നൽകിയതായുള്ള പഞ്ചായത്തിന്റെ വാദത്തിന് ഉപോൽബലകമായ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. നിലവിൽ സംയുക്ത പരിശോധന നടത്തിയിരിക്കുന്നത് 13-12-2022 -ലാണ്. അതിന്റെ ഫലമായുള്ള റിപ്പോർട്ട് ലഭ്യമായിട്ടില്ല. സാമ്പത്തിക സ്ഥിതി വളരെ പരിതാപകരമായിരിക്കെ, ജോയിന്റ് വേരിഫിക്കേഷനുള്ള നടപടികൾ കൃത്യമായി സ്വീകരിക്കുകയോ വാട്ടർ ചാർജ് അടവാക്കുകയോ ചെയ്യാതെ, പലിശ ഇനത്തിലുൾപ്പടെ വലിയ ബാധ്യത വരുത്തിയ നടപടി ഒട്ടുംതന്നെ അംഗീരിക്കാവുന്ന വസ്തുതയല്ല. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഭരണ വകുപ്പിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

വെള്ളക്കരമിനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുക ക്രമീകരിക്കുന്നതിനും പഞ്ചായത്തിലെ വെള്ളക്കരമിനത്തിലെ വൻ ബാധ്യത ഒഴിവാക്കുന്നതിനുമുള്ള തുടർ നടപടികൾ അടിയന്തിര പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് അധികാരികൾ എന്നിവരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 വീട് മെയിന്റനൻസ് പ്രോജക്ട് ഗുണഭോക്താക്കൾക്കുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് സ്വകാര്യ എഞ്ചിനീയർക്ക് പ്രതിഫലം നൽകി

പട്ടിക ജാതി വകുപ്പു മുഖേന നടപ്പാക്കിയ എസ്.സി. വീട് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയ ഇനത്തിൽ സ്വകാര്യ എഞ്ചിനീയർക്ക്

ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും പ്രതിഫലം നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| എഞ്ചിനിയറുടെ പേര് | വൗച്ചർ നം/തീയതി | ചെക്ക് നം. /തുക₹ |
|---|---|---|
| ശ്രീ. എം.രാജീവ്, കിരിയാമടത്തിൽ | 22100894/16-02-2022 | 15661/₹6000 |
| ശ്രീ. ഷിയാസ് കെ.ഐ. | 22101071/26-03-2022 | 15682/₹10500 |
| | ആകെ നൽകിയ തുക | 16500/- |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/തീ.21-02-2023) സമർപ്പിച്ച മറുപടിയിൽ എൻജിനിയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവും വർദ്ധിച്ച ജോലിഭാരവും മൂലം ഭരണ സമിതി തീരുമാനമനുസരിച്ച്, ഫണ്ട് നഷ്ടപ്പെടാതിരിക്കുന്നതിനാണ് പ്രസ്തുത ചെലവ് നടത്തിയതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ അസി.എഞ്ചിനീയർ, ഓവർസീയർ, അക്രെഡിറ്റഡ് എൻജിനിയർ/ഓവർസീയർ എന്നിവരുടെ സേവനം ലഭ്യമാണെന്നിരിക്കെ സ്വകാര്യ എഞ്ചിനീയർമാർക്ക് ഇത്തരത്തിൽ പ്രതിഫലം നൽകിയ നടപടി ക്രമപ്രകാരമുള്ളതല്ല. തനത് ഫണ്ട് ദുർവ്യയത്തിന് കാരണമാകുന്ന ഇത്തരം നടപടികൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ സജീവശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാധ്യതയില്ലാത്ത തുക തിരികെ ഒടുക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം.,പേര് | എസ്033/22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹800000/- (വികസന ഫണ്ട് പൊതു വിഭാഗം) |
| ചെലവ് | ₹400000/- |
| ബിൽ നം./തീയതി/തുക | 2112005520163200960312/തീ.17-01-2022 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് വേണ്ടി ₹12,500/- ഗ്രാമപഞ്ചായത്തും ഗുണഭോക്തൃ വിഹിതമായി ₹12,500/- വിനിയോഗിച്ചാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 32 ഗുണഭോക്താക്കളുള്ള ടി പ്രോജക്റ്റിലൂടെ കാലിത്തീറ്റ വിതരണത്തിനായി വികസനഫണ്ടിൽ നിന്നും ₹4,00,000/- ഊർജ്ജിത കന്നുകാലി വികസന പദ്ധതി പ്രോജക്ട് ഓഫീസർ, കട്ടപ്പനയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രോജക്ട് പ്രകാരമുള്ള കാലിത്തീറ്റ വിതരണം പുരോഗമിച്ചു വരുന്നു. എന്നാൽ ആകെയുള്ള 32 ഗുണഭോക്താക്കളിൽ ശ്രീമതി റെയ്ഹാനത്ത് അസീസ്, കണ്ടത്തിൻകര എന്ന ഗുണഭോക്താവിന്റെ പശുക്കിടാവ് 2021-മെയ് മാസം ചത്ത് പോയതിനാൽ കാലിത്തീറ്റ വാങ്ങുന്നതിൽ മുടക്കം വന്നതായി സംഘത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽനിന്ന് വ്യക്തമായിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താവിനുവേണ്ടി കൈമാറിയതിൽ ശേഷിക്കുന്ന തുകയ്ക്ക് ഇനി വിനിയോഗ സാധ്യതയില്ലാത്തതിനാൽ നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 1-19 ഘടക സ്ഥാപനങ്ങളിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ-കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല

പദ്ധതി നമ്പർ, പേര് : 139/22, ഘടക സ്ഥാപനങ്ങളിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ
ബിൽ റഫറൻസ് നമ്പർ: 21100552016201522781/30-3-22/318376
നിർവഹണ ഉദ്യോഗസ്ഥൻ – ഗ്രാമപഞ്ചായത്ത് സെക്രട്ടറി
ഘടക സ്ഥാപനങ്ങളിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതിയ്ക്കായി 8 കമ്പ്യൂട്ടറുകളുടെ വിലയായ ₹318376/- കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ അക്കൗണ്ടിൽ (799011400003959) നല്കിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടറുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. കമ്പ്യൂട്ടറുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ : ഗ്രാമപഞ്ചായത്ത് സെക്രട്ടറി

| പദ്ധതി നമ്പർ, പേര് | ബിൽ നമ്പർ/തിയതി/തുക | റിമാർക്ക്സ് |
|---|---|---|
| 142/22,<br>4-ാം വാർഡിൽ നിന്നുള്ള പൈപ്പ് ലൈൻ നീട്ടൽ | BRN21100552016201377234/18-3-2022/356000 | കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് ഡിവിഷൻ ഇടുക്കി, തൊടുപുഴക്ക് നല്കിയ തുകക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 152/22, ചിക്കണ്ട ഒന്നാംപാറ പൈപ്പ് ലൈൻ നീട്ടൽ | BRN 21100552016201399876/21-3-22/615669 | |
| 137/22, ശാസ്താംപാറ കുടിവെള്ളപദ്ധതി | വൗച്ചർ നമ്പർ 22101080/26-3-22/574000 | |
| ആകെ | ₹ 1545669/- | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ഈയിനത്തിലുള്ള ₹1545669/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 അന്യാധീനപ്പെട്ട ഗ്രാമപഞ്ചായത്തു വക സ്ഥലം വീണ്ടെടുക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടില്ല

ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും അന്യാധീനപ്പെട്ടതുമായ 2-ാം വാർഡിലെ മനയ്ക്ക കുളവും പരിസരവും സർവ്വേ നടത്തി റിപ്പോർട്ടു തയ്യാറാക്കുന്നതിനും ഗ്രാമപഞ്ചായത്തിലേക്ക് വീണ്ടെടുക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ 01.01.2022-ലെ 10(1) അജണ്ട തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ഈ വിഷയത്തിൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇതിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.9/24.02.23) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് വക സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിനും സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനുമായി റെവന്യൂ വകുപ്പിന് കത്തു നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. ഗ്രാമപഞ്ചായത്ത് വക സ്ഥലം വീണ്ടെടുക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്.

## 1-22 പഞ്ചായത്ത് കമ്മിറ്റി ഹാൾ നവീകരണം -അപാകതകൾ

പദ്ധതി നമ്പർ, പേര് -136/22, പഞ്ചായത്ത് കമ്മിറ്റി ഹാൾ നവീകരണം

ബിൽ നമ്പർ/തീയതി 252/30-3-2022

തുക 1377000/ധനകാര്യ കമ്മിഷൻ ഗ്രാന്റ്

തൻവർഷം സെക്രട്ടറി നടപ്പാക്കിയ പഞ്ചായത്ത് കമ്മിറ്റി ഹാൾ നവീകരണം എന്ന പദ്ധതിയ്ക്കായ് മേൽ തുക ചെലവഴിച്ചിട്ടുണ്ട്.

SIDCO, ARTCO, KADCOഎന്നിവരിൽ നിന്ന് ലഭ്യമായ ക്വട്ടേഷനുകളിൽ നിന്ന് കുറഞ്ഞ നിരക്കായ ₹1428405/- ക്വോട്ട് ചെയ്ത സിഡ്കോ മുഖേന പദ്ധതി നടപ്പിലാക്കുന്നതിന് 14-12-2021 ലെ കമ്മിറ്റി തീരുമാനം 2/1 പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു .

1) INVOICE N0-TDPA/21-22/139/30-3-2022 പ്രകാരം സിഡ്കോയിൽ നിന്നു് പർച്ചേസ് ചെയ്ത ഇനങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | ഐറ്റം | തുക |
|---|---|---|
| 1 | Dias Table | 1*40572 |
| 2 | Dias Front Side Design Work | 1*6085 |
| 3 | Dias Partition | 1*54340 |
| 4 | Dias Partition | 1*8200 |
| 5 | Teak Wood High Back Cushion Chair | 1*10836 |
| 6 | Dias Backside Partition | 1*138500 |
| 7 | Dias Backside Partition | 1*23500 |
| 8 | Steel Lettering Name Board | 1*59500 |
| 9 | Teak Wood Cushion Chair | 1*9565 |
| 10 | Teakwood Cushion Chair | 2*9565 |
| 11 | Teak Wood Cushion Chair | 20*9565 |
| 12 | Teak Wood Cushion Chair | 9*9565 |
| 13 | Wall Mounted Fan | 8*2480 |
| 14 | Sealing Light | 14*890 |
| 15 | Electrification | 1*34500 |
| 16 | Verticle Blind Curtain | 1*125200 |
| 17 | Curtain Fitting Frame | 1*16000 |

1) INVOICE N0-TDPA/21-22/94/18-3-2022 പ്രകാരം സിഡ്കോയിൽ നിന്നു് പർച്ചേസ് ചെയ്ത ഇനങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഐറ്റം | തുക |
|---|---|---|
| 1 | Secretarys Table | 1*26500 |
| 2 | Staff Table | 1*29500 |
| 3 | Conference Table | 1*298900 |

ഓഡിറ്റ് വേളയിൽ നടത്തിയ ഭൗതിക പരിശോധനയിൽ താഴെ പറയുന്ന ഇനങ്ങളാണ് വാങ്ങിയത് എന്ന് ബോധ്യപ്പെട്ടു.

| |
|---|
| Chair |
| Table |
| Pedal Fan |
| Curtain Frame +Curtain |
| Tube Light |

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

സിഡ്കോ ലഭ്യമാക്കിയ 30-3-22/TDPA/21-22/139 നമ്പർ Tax Invoice ൽ ഉൾപ്പെട്ട ഇനം നമ്പർ 13, 14 എന്നിവയിലെ Wall Mounted Fan, Sealing Light എന്നീ ഇനങ്ങൾ ഭൗതിക പരിശോധനയിൽ കാണാൻ സാധിച്ചില്ല. എന്നാൽ പ്രസ്തുത ഇനങ്ങൾക്ക് Invoice ൽ സൂചിപ്പിച്ച പ്രകാരം തുക നല്കിയിട്ടുണ്ട്. കൂടാതെ Wall Mounted Fan നു പകരമായി Invoice ൽ ഉൾപ്പെടാത്ത Pedal Fan 7 എണ്ണം വാങ്ങി സ്ഥാപിച്ചിട്ടുമുണ്ട്. പദ്ധതിക്കായി പർച്ചേസ് നടത്തിയ ഇനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. Invoice പ്രകാരമുള്ള തുക നല്കി എങ്കിലും ക്രമ നമ്പർ 14 ലെ ഇനം Sealing Light നു പകരമായി താരതമ്യേന വില കുറഞ്ഞ ട്യൂബ് ലൈറ്റാണ് ഹാളിൽ സ്ഥാപിച്ചിട്ടുള്ളത്. അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.5/22.2.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി ചെലവ് തുകയായ ₹1428045/-യിൽ ₹51045/-സിഡ്കോയ്ക്ക് നൽകുവാൻ അവശേഷിക്കുന്നുണ്ടെന്നും വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്കിലുൾപ്പെടുത്തി മുഴുവൻ സാധനങ്ങളും ലഭ്യമായിട്ടുണ്ടെന്നു ഉറപ്പു വരുത്തിയ ശേഷം മാത്രമെ അന്തിമ തുക സിഡ്കോയ്ക്ക് നൽകുകയുള്ളുവെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ₹890/- നിരക്കിലുള്ള സീലിംഗ് ലൈറ്റിനു പകരം താരതമ്യേന വിലകുറഞ്ഞ ട്യൂബ് ലൈറ്റ് സ്ഥാപിച്ചതുമൂലമുണ്ടായ വില വ്യത്യാസം കണക്കാക്കി അന്തിമ ബില്ലിൽ ക്രമീകരിക്കേണ്ടതാണ്. ഇൻവോയ്സുകൾ പ്രകാരമുള്ള മുഴുവൻ സാധനസാമഗ്രികളും ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെന്നു ഉറപ്പു വരുത്തി സ്റ്റോക്ക് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്. വാങ്ങൽ-സ്റ്റോക്ക് വിവരങ്ങളിൽ അപാകതകൾ നിലനിൽക്കുന്നതിനാൽ ₹13,77000/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം-അനർഹർക്ക് ആനുകൂല്യം നൽകി

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം സംബന്ധിച്ച സേവന സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ മരണ രജിസ്ട്രേഷൻ രേഖകൾ ആസ്പദമാക്കി പരിശോധിച്ചതിൽ ഏതാനം വ്യക്തികൾക്ക് മരണം രേഖപ്പെടുത്തിയ തീയതിക്കുശേഷവും വാർദ്ധ്യകൃകാല പെൻഷൻ അനുവദിച്ചതായി കാണാൻ സാധിച്ചു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷണറുടെ പേര്, മരണ തീയതി | സ്റ്റാറ്റസ് | അധികം കൈപ്പറ്റിയ കാലയളവ് | തുക₹ |
|---|---|---|---|---|
| 1 | റോസ്സ<br>27-07-2022 | സസ്പെൻഡ് | 8/22 | 1600 |
| 2 | ബേബി പത്രോസ്<br>05-03-2022 | സസ്പെൻഡ് | 4/22 | 1600 |
| 3 | കെ.പി.ഗോപാലൻ<br>17-07-2022 | സസ്പെൻഡ് | 8/22 | 1600 |
| 4 | സിദ്ദിഖ്<br>07-09-2021 | സസ്പെൻഡ് | 8/22 വരെ | 17600 |
| 5 | ഇന്ദിരാമ്മ വാസുദേവൻ<br>28-04-2022 | സസ്പെൻഡ് | 8/22 വരെ | 6400 |
| 6 | ജാനകിയമ്മ<br>12-05-2022 | സസ്പെൻഡ് | 6/22 | 1600 |
| 7 | ഖദീജ കല്ലുംപുറത്ത്<br>07-06-2021 | സസ്പെൻഡ് | 6/22 വരെ | 19200 |
| 8 | കൊന്താലം കെ.എസ്.<br>24-04-2022 | സസ്പെൻഡ് | 5/22 | 1600 |
| 9 | മറിയം തോമസ്<br>07-02-2022 | സസ്പെൻഡ് | 4/22 വരെ | 3200 |
| 10 | റോസമ്മ ചാക്കോ<br>25-01-2022 | സസ്പെൻഡ് | 4/22 വരെ | 4800 |

പെൻഷണർ മരണപ്പെട്ടിട്ടും ഇപ്രകാരം ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.11/തീ.24-02-2023) ലഭ്യമാക്കിയ മറുപടിയിൽ, അധികമായി ലഭിച്ച തുക സർക്കാരിലേക്ക് തിരികെ ഒടുക്കുന്നതിന് വേണ്ട നടപടികൾ ബാങ്കുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിലെ തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപ്പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-2022 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 100000 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 21350 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(31/22) | 21350 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 150000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി(41/22) | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 249175 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(31/22) | 249175 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾ

| ക്രമ നം | പ്രോജക്ട് നം.& പേര് | നിർവഹണ ഏജൻസി | കൈമാറിയ തുക (₹) | ബിൽ വിവരങ്ങൾ | വിനിയോഗിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | വാർഡ് 4 ചിറക്കണ്ടം ഒന്നാംപാറ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (152/22) | കേരള ജല അതോറിറ്റി, തൊടുപുഴ | 615669 | വൗച്ചർ നം. 22101090/തീ. 26.03.2022 | ലഭ്യമല്ല | ലഭ്യമല്ല |
| 2 | നാലാം വാർഡിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (142/22) | കേരള ജല അതോറിറ്റി, തൊടുപുഴ | 356000 | വൗച്ചർ 22101089/ തീ.26.03.2022 | ലഭ്യമല്ല | ലഭ്യമല്ല |
| 3 | ശാസ്താം പാറ കുടിവെള്ള പദ്ധതി (137/22) | കേരള ജല അതോറിറ്റി, തൊടുപുഴ | 574000 | വൗച്ചർ 22101080/ തീ.26.03.2022 | ലഭ്യമല്ല | ലഭ്യമല്ല |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് LIFE-ഭവന പദ്ധതിക്കുള്ള HUDCO വായ്പയിനത്തിൽ ₹660,000/- വരവുണ്ട്. വാർഷിക കണക്കു പ്രകാരമുള്ള വായ്പ വരവ് ₹1060000/-യാണ്. ലൈഫ് ഭവന പദ്ധതിക്ക് സംസ്ഥാന വിഹിതമായി ലഭിച്ച ₹400000/-വായ്പയിനത്തിലുള്ള ബാധ്യത ഹെഡിൽ തെറ്റായി രേഖപ്പെടുത്തിയതുമൂലമാണ് ഇപ്രകാരമുള്ള അപാകത സംഭവിച്ചിട്ടുള്ളത്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | തൻവർഷ വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | 294086/DB.1/2015 ത.സ്വ.ഭ.വ/ തീ. 30-09-2015 | 5200000 | 0 | 2600000 | 520000 | 00 | 2080000 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്.) 124/2018/ എൽ.എസ്.ജി.ഡി തീ. 11.09.2018 | 17340718 | 660000 | 16111307 | 1804000 | 00 | 14967307 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹ 25025/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2016-2017 | 3-1 | 8342 | ശ്രീ. മനോജ് ടി.ജി, വി.ഇ.ഒ | 121020100353/22.06.2021 |
| 2016-2017 | 3-1 | 8342 | ശ്രീ. അനിൽകുമാർ, സെക്രട്ടറി | 121020101809/25.11.2021 |
| 2016-2017 | 3-1 | 8341 | ശ്രീ കണ്ണൻ ടി.കെ, സീനിയർ ക്ലർക്ക് | 121020101262/21.10.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 26 | 2002-03 | 6(5)(1) | വിവിധ വാർഡുകളിൽ ലൈൻ സ്ഥാപിക്കൽ – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | ബഹു. സമിതി തീർപ്പ് കൽപ്പിച്ചില്ല |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

**എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

**– ഇല്ല –**

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി ആയ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | ഉൾപ്പെട്ട തുക ₹ |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 2006-07 | 3-4 (പാർട്ട്) | ലിയോണി തോമസ്, കൃഷി ആഫീസർ, കൃഷി വകുപ്പ് | LF.21109/ സ്പെ.സെൽ SC-2/09/ 29-04-2013 | 3350 | | | |

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | ₹13433837.65 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹40131302 |
| ആകെ | ₹53565139.65 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹44957933 |
| ആകെ | ₹8607206.65 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹2922669/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 1545669 | ശ്രീ. പി. എം. അബ്ദുൾ സമദ്, സെക്രട്ടറി |
| 1-23 | 1377000 | ശ്രീ. പി. എം. അബ്ദുൾ സമദ്, സെക്രട്ടറി |
| **ആകെ** | 2922669 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

– – ഇല്ല – –

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

– – ഇല്ല – –

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി. എം. അബ്ദുൾ സമദ്, സെക്രട്ടറി | സെക്രട്ടറി<br>ഇടവെട്ടി ഗ്രാമപഞ്ചായത്ത് | പഴേരിയിൽ<br>ഇടവെട്ടി പി. ഒ. |

| | | |
|---|---|---|
| | | തൊടുപുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 2006-2007 | കെ.എസ്.എ/ഐ.ഡി.കെ-പി3/1282(2006-07)അദാ. സെപ്റ്റംബർ/22 തീ 3/9/22 | 1 | 3-4, |
| 2010-2011 | കെ.എസ്.എ/ഐ.ഡി.കെ-പി3/1282(2010-11)അദാ. സെപ്റ്റംബർ/22 തീ 3/9/22 | 2 | 3-14,<br>3-18 |
| 2016-17 | കെ.എസ്.എ/ഐ.ഡി.കെ-പി3/1282(2016-17)അദാ. സെപ്റ്റംബർ/22 തീ 3/9/22 | 2 | 2-4, 3-1 |
| 2019-20 | കെ. എസ്.എ-ഐ.ഡി.കെ-9/28/22തീ.03.03.2022 | 22 | 1-1,1-3,1-8 മുതൽ 1-20 വരെ,1-21-1,1-21-2, 1-21-3,1-22,1-23,3-1,3-2,3-3 |
| 2020-21 | കെ. എസ്.എ-ഐ.ഡി.കെ-9/29/2022 തീ.2.06.2022 | 23 | 1-1,1-3,1-4,1-8മുതൽ1-25 വരെ,2-1,3-1 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്